# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 31.12.2022 മുതൽ 04.01.2023 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.104/2022 | തീയ്യതി: 30/12/2022 |
|---|---|

### എ. പിന്നിട് നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 32.5 – 35.0 | 22.0 – 24.0 | 61.0 – 96.0 | 1.2 – 2.5 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 31-12-2022 | 01-01-2023 | 02-01-2023 | 03-01-2023 | 04-01-2023 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 88 | 88 | 88 | 88 | 88 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 3 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 250 | 250 | 270 | 250 | 250 |
| മേഘ വിന്യാസം, ഒക്ടാ | 5 | 2 | 2 | 4 | 5 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **മഴയില്ല**** | | |
| | മഴയില്ല.പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും (34°C) രാത്രികളിൽ കുറഞ്ഞതാപനിലയും (23°C) അനുഭവപ്പെടും.<br>ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും (65% നും 95% നും ഇടയിൽ). | | |
| **പൊതു നിർദ്ദേശങ്ങൾ** | അന്തരീക്ഷ ആർദ്ര അധികരിക്കുന്നതിനാൽ വിളകളിൽ ചീച്ചൽ, വാട്ടം എന്നിവയ്ക്ക് ഹേതുവായ പൂപ്പൽ രോഗങ്ങൾ അധികരിക്കും. സസ്യഭാഗങ്ങൾക്ക്<br>വാഴ പോലുള്ള മൃദുകാണ്ഡവും എളുപ്പത്തിൽ മറിഞ്ഞു വീഴുന്നതുമായ വിളകൾക്ക് താങ്ങുകൾ നൽകി സംരക്ഷിക്കുക<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. | | |

| | | | |
|---|---|---|---|
| നെല്ല് | വിവിധ ഘട്ടം | വാട്ടം  | ഫ്യൂജിയോൺ (@2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ നാറ്റിവോ (@ 5 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| തെങ്ങ് | കായ്ക്കുന്ന തെങ്ങുകൾ | കൊമ്പൻ ചെല്ലി  ഉയരം കുറഞ്ഞ തെങ്ങുകൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | ഉപയോഗ സൂന്യമായ മീൻ വലകൾ ഒരു മീറ്റർ നീളത്തിലും അര മീറ്റർ വീതിയിലും മുറിച്ചെടുത്തു തെങ്ങിൻറെ മൂന്നാമത്തെയും നാലാമത്തെയും ഒലക്കവിളുകളിൽ വിരിച്ചു നടുഭാഗത്തു ചെറുകല്ലുകൾ വച്ച് ഉൾഭാഗത്തേക്കു തള്ളി അമർത്തി വെക്കുക. ഓലത്തണ്ടിന്റെ രണ്ടു ഭാഗത്തേക്കും പുറത്തേക്കു തൂങ്ങി നിൽക്കുന്ന വലയുടെ വശങ്ങൾ നന്നായി വിടർന്നിരിക്കണം. പാറിവരുന്ന വണ്ടുകൾ കാലുകൾ വലയിൽ കുടുങ്ങി സഞ്ചരിക്കാൻ പറ്റാതെ നശിച്ചു പോകും, പുതു ഓലകൾ വിടരുന്നതിനനുസരിച് വല മുകളിലോട്ട് മാറ്റി മാറ്റി വെക്കുവാൻ ശ്രദ്ധിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | പൊള്ളു രോഗം  | ഒരുലിറ്റർ വെള്ളത്തിന് രണ്ടുമില്ലി ഹെക്സകൊണാസോൾ എന്നതോതിൽ കലർത്തി തയ്യാറാക്കി തളിക്കുക |
| വെള്ളരി വർഗ്ഗ വിള | വളർച്ചാ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം  | വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി 'മാങ്കോസെബ്' 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്  | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക |

| | | | |
|---|---|---|---|
| മാവ് | കായ്ക്കുന്ന ഘട്ടം | പൂങ്കുല തുള്ളൻ  | 3000 പി പി എം വീര്യമുള്ള വേപ്പധിഷ്ഠിത കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ അഞ്ചു മില്ലി എന്ന തോതിൽ കലർത്തി തളിക്കുക |
| മാവ് | വിവിധ ഘട്ടം | ഇലകരിച്ചിൽ  | 0.2% ( ഒരുലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം വീതം) വീര്യമുള്ള കോപ്പർ ഓക്സി ക്ലോറൈഡ് ലായനി തളിക്കുക |
| പ്ലാവ് | വിവിധ ഘട്ടം | പൂപ്പൽ മൂലമുള്ള കായ് കൊഴിച്ചൽ  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക.. |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻ നടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾ ആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി